**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭയിലെ ഡ്രൈവർ ശ്രീ.എം.ടി.അനിൽകുമാറിന്റെ പിതാവിന് (ശ്രീ.എം.കെ.തങ്കച്ചൻ) ക്യാൻസർ സംബന്ധമായ അസുഖത്തിന് എറണാകുളം അമൃത ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് മെഡിക്കൽറീ-ഇംബേഴ്സ്മെൻറ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2597/2017/തസ്വഭവ　　　　　　　　　　തിരുവനന്തപുരം, തീയതി : 26/07/2017

പരാമർശം :
1) ശ്രീ.എം.ടി.അനിൽകുമാറിന്റെ 25/07/2015 തീയതിയിലെ അപേക്ഷ.
2) തൊടുപുഴ നഗരസഭയുടെ 07/08/2015 തീയതിയിലെ 27-ാം നമ്പർ കൗൺസിൽ തീരുമാനം.
3) ഇടുക്കി ജില്ലാ രജിസ്ട്രാറുടെ 21/10/2017 തീയതിയായുള്ള സാക്ഷ്യപത്രം.
4) ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ 28/12/2015 തീയതിയിലെ കത്ത്.
5) തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ 08/01/2016 തീയതിയിലെ ജി1-15438/2015 നമ്പർ കത്ത്.
6) നഗരകാര്യ ഡയറക്ടറുടെ 02/02/2016, 16/03/2017 തീയതികളിലെ ഡിസി1-20504/2015 നമ്പർ കത്തുകൾ.

## ഉത്തരവ്

തൊടുപുഴ നഗരസഭയിലെ ഡ്രൈവർ ശ്രീ.എം.ടി.അനിൽകുമാറിന്റെ പിതാവിന് (ശ്രീ.എം.കെ.തങ്കച്ചൻ) ക്യാൻസർ സംബന്ധമായ അസുഖത്തിന് എറണാകുളം അമൃത ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ 31,555/- രൂപ (മുപ്പത്തിയൊന്നായിരത്തി അഞ്ഞൂറ്റി അമ്പത്തിയഞ്ച് രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരമുള്ള ശ്രീ.എം.ടി.അനിൽകുമാറിന്റെ അപേക്ഷ, പരാമർശം (2) പ്രകാരമുള്ള തൊടുപുഴ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെയും പരാമർശം (3) പ്രകാരമുള്ള ഇടുക്കി ജില്ലാ രജിസ്ട്രാറുടെയും പരാമർശം (4) പ്രകാരമുള്ള ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തിന്റെയും അടിസ്ഥാനത്തിൽ, പരാമർശം (5) പ്രകാരം തൊടുപുഴ നഗരസഭാ സെക്രട്ടറി, പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടറുടെ ശിപാർശയോടെ സർക്കാരിന് ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ നഗരസഭയിലെ ഡ്രൈവർ ശ്രീ.എം.ടി.അനിൽകുമാറിന്റെ പിതാവിന് (ശ്രീ.എം.കെ.തങ്കച്ചൻ) ക്യാൻസർ സംബന്ധമായ അസുഖത്തിന് എറണാകുളം അമൃത ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയുടെ (31,555/- രൂപ) 80% തുക, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,

അർഹത, കൃത്യത എന്നിവ തൊടുപുഴ നഗരസഭാ സെക്രട്ടറിയും നഗരകാര്യ ഡയറക്ടറും പരിശോധിച്ച് ഉറപ്പ് വരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിലും ടി തുക തൊടുപുഴ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും കേരള ഗവണ്മെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, തൊടുപുഴ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ